പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 729 — 12.12.2012 ൽ മറുപടിയ്ക്ക്

## അവശ്യമരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ തയ്യാറാക്കിയ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളിൽ മിക്കവയും പൊതുവിപണിയിൽ കിട്ടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അവയ്ക്ക് പകരമുള്ള മരുന്നുകൾ വൻ വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കേന്ദ്ര സർക്കാരിന്റെ വില നിയന്ത്രണപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകൾ വിവിധ ബ്രാൻഡുകൾ വിപണിയിൽ ലഭ്യമാണ്. വില നിയന്ത്രണത്തിലുള്ള മരുന്നുകൾ കൂടിയ വിലയ്ക്ക് വില്പന നടത്തിയാൽ ഇക്കാര്യം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുന്നുണ്ട്. |
| (സി) ഇല്ലെങ്കിൽ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ? | (സി) നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ